ഫോറം നമ്പർ 7

റൂൾ 18 (1) കാണുക

## ആർ.എഫ്.സി.ടി.എൽ.എ.ആർ.ആർ ആക്ട് 2013 ലെ 11(1) വകുപ്പ് പ്രകാരമുള്ള പ്രാരംഭ വിജ്ഞാപനം

റഫ്. നമ്പർ എ 302/16

സ്ഥലം; തലശ്ശേരി

തീയ്യതി; 08/01/2018

കേരള സർക്കാർ 04.12.2015 തീയ്യതിയിലെ ജി.ഒ (പി) നമ്പർ 649/2015/ആർ ഡി നമ്പർ വിജ്ഞാപനപ്രകാരം സ്പെഷ്യൽ തഹസിൽദാർ എൽ എ (കെ.എസ്.ടി.പി) തലശ്ശേരിയെ ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന;സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വ്യവസ്ഥകൾക്കനുസരിച്ച് ഭൂമി പൊന്നുംവില നടപടിപ്രകാരം ഏറ്റെടുക്കുന്നതിനായി കളക്ടറുടെ ചുമതല വഹിക്കുന്നതിന് നിയോഗിക്കപ്പെട്ടതിനാലും,

ആയതിൻ പ്രകാരം ഡെപ്യൂട്ടി കളക്ടർ (എൽ എ) കല ക്ടറേറ്റ്, കണ്ണൂർ പുനരധിവാസത്തിനും പുന;സ്ഥാപനത്തിനുമുള്ള കാര്യനിർവ്വാഹകനായി നിയോഗിക്കപ്പെട്ടതിനാലും,

താഴെ പട്ടികയിൽ കൊടുത്തിരിക്കുന്ന ഭൂമി ഒരു പൊതു ആവശ്യത്തിന് അതായത് തലശ്ശേരി-വളവുപാറ റോഡ് വികസനത്തിനുവേണ്ടി ഭൂമി ഏറ്റെടുക്കുന്നതിന് ആവശ്യമുണ്ടെന്നോ ആവശ്യമുണ്ടാകാനിടയുണ്ടെന്നോ കേരള സർക്കാരിന് ബോധ്യപ്പെടുന്നതുകൊണ്ടും

ആയതുകൊണ്ട്, ഇപ്പോൾ ഇത് സംബന്ധിച്ച് ബന്ധപ്പെട്ടവരുടെ അറിവിലേക്കായി ഭൂമി ഏറ്റെടുക്കലിന് ന്യായമായ നഷ്ട പരിഹാരത്തിനും സുതാര്യതയ്ക്കും പുനരധിവാസത്തിനും പുന;സ്ഥാപനത്തിനുമുള്ള അവകാശ നിയമം 2013 വകുപ്പ് 11 ഉപവകുപ്പ് (1) പ്രകാരമുള്ള ഒരറിയിപ്പ് ഇതോടൊപ്പം പുറപ്പെടുവിക്കുന്നു.

മേൽ പ്രസ്താവിച്ച പ്രകാരം ചുവടെ ചേർത്തിരിക്കുന്ന പട്ടികയിൽ കൊടുത്തിരിക്കുന്ന ഭൂമിയിൽ താല്പര്യമുള്ള ഏതൊരാളും ഈ വിജ്ഞാപനം പുറപ്പെടുവിച്ച തീയ്യതി മുതൽ പതിനഞ്ചു ദിവസത്തിനുള്ളിലോ അല്ലെങ്കിൽ ഇത് സംബന്ധിച്ച പൊതു അറിയിപ്പ് നൽകിയ ശേഷം പതിനഞ്ചു ദിവസത്തിനുള്ളിലോ ഏതാണോ അവസാനം സംഭവിക്കുന്നത് അപ്രകാരമുള്ള സമയ പരിധിക്കുള്ളിൽ പൊന്നും വിലയ്ക്കെടുക്കുന്ന ഭൂമിയിന്മേൽ ഭൂരേഖയുടെ നാളതീകരണം സംബന്ധിച്ചോ പ്രമാണം സംബന്ധിച്ചോ തങ്ങൾക്കുള്ള ആക്ഷേപം, എന്തെങ്കിലുമുണ്ടെങ്കിൽ, രേഖാമൂലമുള്ള പ്രസ്താവന സഹിതം സ്പെഷ്യൽ തഹസിൽദാർ എൽ എ (കെ.എസ്.ടി.പി) തലശ്ശേരി മുമ്പാകെ സമർപ്പിക്കേണ്ടതാണ്. നിശ്ചിത കാലപരിധിക്കുശേഷം സമർപ്പിക്കുന്ന പ്രസ്താവനകളും/ ആക്ഷേപങ്ങളും, ആക്ഷേപകന് ഭൂമിയിന്മേലുള്ള താല്പര്യമെന്താണെന്ന് ആക്ഷേപത്തിൽ വ്യക്തമായി വിശദീകരിക്കപ്പെടാത്ത സാഹചര്യത്തിലും അത്തരത്തിലുള്ള പ്രസ്താവനകളും/ ആക്ഷേപങ്ങളും മൊത്തത്തിൽ നിരസിക്കപ്പെടുന്നതായിരിക്കും.

സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ട് ഔദ്യോഗിക വെബ് സൈറ്റായ www.kannur.nic.in ൽ ലഭ്യമാണ്. ആയതിന്റെ സംക്ഷിപ്ത രൂപം ഇതോടൊപ്പം ചേർത്തിട്ടുണ്ട്.

പട്ടിക

(ഏകദേശ വിസ്തീർണ്ണമാണ് നൽകിയിരുന്നത്)

ജില്ല; കണ്ണൂർ താലൂക്ക്; ഇരിട്ടി

വില്ലേജ് : പായം അംശം & പായം ദേശം , വിളമന അംശം & വിളമന ദേശം;

| ക്രമ നം | വില്ലേജ് & ദേശം | സർവ്വെ നം | | തരം | | വിസ്തീർണ്ണം | കൈവശക്കാരുടെ പേരു വിവരം |
|---|---|---|---|---|---|---|---|
| | | പഴയത് | പുതിയത് | റവന്യു റിക്കാർഡ് പ്രകാരം | ഭൂമിയിൽ കണ്ടത് | ഹെക്ടർ/ ആർ/ച.മീ | |
| 1 | പായം | 16 | 16/2 | സ്ഥി.പു | തോട്ടം | 0.0009 ഹെ | പൊമ്മാനം വീട്ടിൽ സാറുമ്മ (മരിച്ചു)അവകാശികൾ കുഞ്ഞാമിന മുതൽപേർ |
| 2 | പായം | 20/1 | 20/3 | സ്ഥി.പു | തോട്ടം | 0.0445 ഹെ | A ചെറിയാക്കടവൻ ജാനകി (മരിച്ചു)അവകാശികൾ |
| | | | | | | | 1.ചെറിയാക്കടവൻ കുഞ്ഞിരാമൻ(മരിച്ചു) അവകാശികൾ അജയ്കുമാർ മുതൽ പേർ |
| | | | | | | | 2. ചെറിയാക്കടവൻ ദേവകി (മരിച്ചു) അവകാശികൾ ശാന്ത മുതൽപേർ |
| | | | | | | | 3. ചെറിയാക്കടവൻ അനന്തൻ (മരിച്ചു) അവകാശികൾ പൊയിൽ ലക്ഷ്മി മുതൽ പേർ |
| | | | | | | | 4.ചെറിയാക്കടവൻ കല്ലാണി(മരിച്ചു)അവകാശികൾ |
| | | | | | | | 5. ചെറിയാക്കടവൻ നാരായണി (മരിച്ചു) അവകാശികൾ കല്യാണി മുതൽ പേർ |
| | | | | | | | 6. ചെറിയാക്കടവൻ യശോദ (മരിച്ചു) അവകാശികൾ ലക്ഷ്മണൻ മുതൽ പേർ |
| | | | | | | | 7. ചെറിയാക്കടവൻ ബാലൻ (മരിച്ചു) അവകാശികൾ പ്രേമരാജൻ മുതൽ പേർ |
| | | | | | | | B ചാമക്കാലിൽ പ്രേമരാജൻ |
| | | | | | | | C ചാമക്കാലിൽ രാജീവൻ |
| 3 | പായം | 58/2 | 58/18 | സ്ഥി.പു | തോട്ടം | 0.0017ഹെ | 1. സെക്രട്ടറി നൂറിയ ജുമാ മസ്ജിദ് മാടത്തിൽ ജമാഅത്ത് പള്ളി കമ്മിറ്റി, ഇരിട്ടി |
| | | | | | | | 2. ഡിവിഷണൽ വഖഫ് ഓഫീസർ, കേരളസ്റ്റേറ്റ് വഖഫ്ബോർഡ് ഡിവിഷണൽ ഓഫീസ് ,കണ്ണൂർ |

| | വിളമന അംശം | | | | വിളമന ദേശം | | |
|---|---|---|---|---|---|---|---|
| 4 | വിളമന | 60/4 | 60/5 | തോട്ടം | തോട്ടം | 0.0016ഹെ | കൈപുറത്ത് അബ്ദുൾ ജബ്ബാർ, S/O സൂഫി ഹാജി |
| 5 | വിളമന | 67/6 | 67/13 | പുരയിടം | പുരയിടം | 0.0067ഹെ | കൊച്ചുവേലിക്കകത്ത് തെക്കേ മണ്ണർ ഏലിയാമ്മ (മരിച്ചു) അവകാശി ജോസഫ് മുതൽ പേർ |
| 6 | വിളമന | 69/10 | 69/22 | തോട്ടം | തോട്ടം | 0.0001ഹെ | എടക്കാട്ട് തറയിൽ സുരേഷ് |
| 7 | വിളമന | 69/11 | 69/23 | തോട്ടം | തോട്ടം | 0.0001ഹെ | സെക്രട്ടറി, വള്ളിത്തോട് ജുമാമസ്ജിദ് 2, ഡിവിഷണൽ വഖഫ് ഓഫീസർ, കേരളസ്റ്റേറ്റ് വഖഫ്ബോർഡ് ഡിവിഷണൽഓഫീസ് കണ്ണൂർ |
| 8 | വിളമന | 69/14 | 69/26 | തോട്ടം | തോട്ടം | 0.0003ഹെ | സെക്രട്ടറി, വള്ളിത്തോട് ജുമാമസ്ജിദ് , ഡിവിഷണൽ വഖഫ് ഓഫീസർ, കേരളസ്റ്റേറ്റ് വഖഫ്ബോർഡ് ഡിവിഷണൽഓഫീസ് കണ്ണൂർ |
| 9 | വിളമന | 69/15 | 69/27 | തോട്ടം | തോട്ടം | 0.0003ഹെ | സെക്രട്ടറി,ഇരിക്കൂർ റഹ്മാനിയ ഓർഫനേജ് കമ്മിറ്റി |
| 10 | വിളമന | 69/16 | 69/28 | തോട്ടം | തോട്ടം | 0.0004ഹെ | കായകൂൽ ഹുസൈൻ |
| 11 | വിളമന | 69/17 | 69/29 | തോട്ടം | തോട്ടം | 0.0001ഹെ | പാറയിൽ കരുവാന്റ വളപ്പിൽ ഇബ്രാഹിം |
| 12 | വിളമന | 69/17 | 69/29 | തോട്ടം | തോട്ടം | 0.0003ഹെ | കീത്തടത്ത് അബൂബക്കർഹാജി & പാറയിൽ കരുവാന്റ വളപ്പിൽ സുബൈദ |
| 13 | വിളമന | 69/18 | 69/30 | തോട്ടം | തോട്ടം | 0.0001ഹെ | കീത്തടത്ത് അബൂബക്കർഹാജി & പാറയിൽ കരുവാന്റ വളപ്പിൽ സുബൈദ |
| 14 | വിളമന | 70/4 | 70/5 | തോട്ടം | തോട്ടം | 0.0055ഹെ | സെക്രട്ടറി, വള്ളിത്തോട് ജുമാമസ്ജിദ് - 2, ഡിവിഷണൽ വഖഫ് ഓഫീസർ, കേരളസ്റ്റേറ്റ് വഖഫ്ബോർഡ് ഡിവിഷണൽഓഫീസ് കണ്ണൂർ |
| 15 | വിളമന | 107/1 | 107/7 | തോട്ടം | തോട്ടം | 0.0007ഹെ | കോങ്ങോല തോമസ് S/Oദേവസ്യകോങ്ങാല |
| 16 | വിളമന | 117/3 | 117/4 | തോട്ടം | തോട്ടം | 0.0007ഹെ | കോങ്ങാല ജോർജ്ജ് & ജോൺ S/Oദേവസ്യകോങ്ങാല |
| 17 | വിളമന | 351/7 | 351/15 | Dry | തോട്ടം | 0.0016ഹെ | പള്ളിപാത്ത് ഷരീഫ |
| 18 | വിളമന | 351/7 | 351/15 | Dry | തോട്ടം | 0.0002ഹെ | കീത്തേടത്ത് മൊയ്തു ഹാജി (മരിച്ചു) അവകാശി ഫാത്തിമ |

സാമൂഹ്യ പ്രത്യാഘാത പഠന റിപ്പോർട്ടിന്റെ സംക്ഷിപ്ത രൂപം

സാമൂഹ്യ പ്രത്യാഘാത പഠനം നടത്തുന്നതിനായി നിയോഗിച്ച ഏജൻസി സ്ഥലം ഏറ്റെടുക്കുവാൻ ഉദ്ദേശിക്കുന്നത് നിലവിലുള്ള തലശ്ശേരി-വളവുപാറ റോഡ് വീതി കൂട്ടുന്നതായതിനാൽ മറ്റൊരു ഭൂമി കണ്ടെത്തേണ്ടതില്ല എന്നും റിപ്പോർട്ടിൽ ഉൾപ്പെട്ടിട്ടുള്ള 0.0879 ഹെക്ടർ സ്ഥലത്തിൽ നേരത്തെ ഏറ്റെടുത്ത സ്ഥലം ഉൾപ്പെട്ടിട്ടില്ലെന്ന് ഉറപ്പു വരുത്തിയ ശേഷം സ്ഥലം ഏറ്റെടുക്കേണ്ടത് അത്യാവശ്യമാണെന്നും മേൽ ഭൂമിയിൽ നിന്ന് ആരും തന്നെ കുടിയൊഴിപ്പിക്കുന്നില്ല എന്നതിനാൽ പുനരധിവാസപ്രശ്നങ്ങളില്ല എന്നും ചൂണ്ടികാണ്ച്ചിട്ടുണ്ട്. വള്ളിത്തോട് ജുമാ മസ്ജിദ് പള്ളിയിലേക്ക് പ്രവേശിക്കുവാൻ ബുദ്ധിമുട്ടില്ലാതെ പ്രവേശിക്കുന്നതിന് റാമ്പ് രൂപത്തിലുള്ള ഡ്രെയിനേജ് കവറിംഗ് നടത്തണമെന്ന് ശുപാർശ ചെയ്തിട്ടുണ്ട്. റിപ്പോർട്ട് വിദഗ്ധസമിതി പരിശോധിക്കുകയും പൊന്നുംവില നടപടിക്ക് ശുപാർശ ചെയ്യുകയും ചെയ്തിട്ടുണ്ട്.

സ്പെഷ്യൽ തഹസിൽദാൽ
എൽ എ (കെ.എസ്.ടി.പി)
തലശ്ശേരി